# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മയിൽ നിന്നും

**സർക്കുലർ നമ്പർ: 94**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല ഇടവകകളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരേ,

വരുമാനത്തിന്റെ ദശാംശം വേർതിരിച്ച് സുവിശേഷ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന മഹത്തായ പാരമ്പര്യമാണല്ലോ നമുക്കുള്ളത്. നമ്മുടെ സഭയിലെ വരുമാനമുള്ള അംഗങ്ങൾ എല്ലാവരും സുവിശേഷ വേലയ്ക്കായി ദശാംശം വേർതിരിക്കണം. സമയം, പണം, കഴിവ്, ബുദ്ധി ഇവയെല്ലാം ദൈവദാനമാണ്. നന്ദിയോടെ അവയെ സ്വീകരിച്ച് ദൈവം ആഗ്രഹിക്കുന്നതുപോലെ മറ്റുള്ളവരുടെ നന്മയ്ക്കായി ഉപയോഗിക്കണം. ദശാംശം വേർതിരിച്ചു നല്കുന്നതിലൂടെ സഭയുടെ പ്രേഷിതപ്രവർത്തനത്തിലും ദൈവരാജ്യ ശുശ്രൂഷയിലും നാം സജീവമായി പങ്കുചേരുകയാണ് എന്ന ബോധ്യത്തോടെ എല്ലാവരും ദശാംശ സമർപ്പണത്തിൽ പങ്കുചേരണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

2023 ജൂലൈ 2–ാം തീയതി ദശാംശ സമർപ്പണ ഞായറാഴ്ചയായി നാം വേർതിരിച്ചിരിക്കുന്നു. ദൈവം ദാനം നല്കിയ ക്ഷണികമായ നമ്മുടെ ജീവിതം ധന്യമാകുന്നത് മറ്റുള്ളവരെ കരുതുന്നത്തിലും സഹായിക്കുന്നതിലുമാണ്. വിശുദ്ധ പൗലോസ് കൊരിന്ത്യ സഭയെ ഓർമ്മിപ്പിക്കുന്നത് "നിങ്ങളുടെ സുഭിക്ഷം മറ്റുള്ളവർക്ക് ദുർഭിക്ഷത്തിന് ഉതകട്ടെ" എന്നാണ്. "കഷ്ടത എന്ന കഠിനശോധനയിൽ ആയിരുന്നിട്ടും അവരുടെ സന്തോഷ സമൃദ്ധിയും മഹാദാരിദ്ര്യവും ധാരാളം ഔദാര്യം കാണിപ്പാൻ കാരണമായി തീർന്നു." സഭയായി നടത്തുന്ന എല്ലാ പ്രേഷിതവൃത്തിക്കും വികസന പ്രവർത്തനങ്ങൾക്കും പ്രധാനമായും പണം കണ്ടെത്തുന്നത് ദശാംശവിഹിത സ്തോത്രകാഴ്ചയിലൂടെ ആണ്. സംഭാവനയായും സ്തോത്രകാഴ്ച കവറിലും ലഭിക്കുന്ന എല്ലാതുകയും യഥാസമയം സഭാ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

പ്രിയരെ, ജീവിതത്തിലെ എല്ലാ അനുഗ്രഹങ്ങളും ദൈവിക ദാനമാണ്. ഭൗതികവും ആത്മീയവുമായ വിഭവങ്ങൾ ശരിയായി വ്യയം ചെയ്യുവാൻ ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്നു. നാം അതിന്റെ ഉടമസ്ഥരല്ല, കാര്യവിചാരകർ മാത്രമാണ്. ദൈവം നൽകുന്ന അനുഗ്രഹങ്ങളിൽ നിന്ന് ദൈവരാജ്യ പ്രവർത്തനത്തിനും മറ്റുള്ളവരുടെ നന്മയ്ക്കും വേണ്ടിയുള്ള ശുശ്രൂഷയിൽ പങ്കു വഹിക്കുവാൻ ഈ ദിവസം നമ്മെ ആഹ്വാനം ചെയ്യുന്നു.

> "*യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും.*" *(സങ്കീർത്തനങ്ങൾ 116:12–13)*

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

തിരുവല്ലാ പൂലാത്തീനിൽ നിന്നും 2023 ജൂൺ 08–ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 94**

*Blessings to you all the Vicars, Resident Clergy, Trustees*
*and Members of all the Parishes under our authority.*

Beloved in Christ,

We have a glorious tradition of setting apart a tenth of our income as tithe for mission work. All earning members of our Church should contribute their tithe for mission. Time, wealth, talents, and knowledge are the gifts of God. We should accept these with gratitude and use them for the welfare of others according to the will of God. We exhort all to participate in the tithe offering with the understanding that, by setting apart and offering our tithe, we are actively participating in the missionary work of the Church and the ministry of the Kingdom of God.

We have set apart 2nd July 2023 as the Tithe Sunday. Our momentary life, which is a gift of God, becomes blessed when we help and care for others. St. Paul reminds the church in Corinth, "Your abundance may supply their need." In addition, he says, "In the midst of a very severe trial, their overflowing joy and their extreme poverty welled up in rich generosity." The primary way of raising funds for the missionary work and development work run by the Church is through the Tithe offertory. All amounts received, both as offertory and in covers, should me remitted to the Sabha Office without delay.

Beloved, all blessings in our life are God-gifted. God has entrusted us to spend our spiritual and physical resources wisely. Hence, we are not owners, but stewards of the resources. Therefore, God calls us this day to share from our God-given blessings for the work of the Kingdom of God and the welfare of others.

> *"What shall I return to the Lord for all his goodness to me? I will lift up the cup of salvation and call on the name of the Lord." (Psalm 116:12-13)*

Grace be with you all.

Dated 8th June 2023, from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan**